"ഭരണഭാഷ - മാതൃഭാഷ "

**കേരള സർക്കാർ**
**സംഗ്രഹം**

ധനകാര്യ വകുപ്പ് - കോവിഡ്-19 രണ്ടാം വ്യാപനം - സാമൂഹ്യ സുരക്ഷാ/ ക്ഷേമ പെൻഷനുകൾ ലഭിക്കാത്ത ഓരോ BPL (PHH), AAY കുടുംബത്തിനും സാമ്പത്തിക സഹായം അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അഗ്രികൾച്ചർ - സി) വകുപ്പ്**

**സ.ഉ (സാധാ) നം.4650/2021/ധന** **തീയതി, തിരുവനന്തപുരം, 24/06/2021**

---

പരാമർശം: സ.ഉ. (സാധാ) നം. 2947/2020/ധന തീയതി 05/05/2020

**<u>ഉത്തരവ്</u>**

കോവിഡ് – 19 രണ്ടാം വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL (PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി 1000/– രൂപ വീതം നൽകുന്നതിന് സർക്കാർ തീരുമാനിച്ചു. ആയതിലേയ്ക്കായി 2020–21 സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പിന്നീട് റീക്ലപ്പ് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയിൽ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിനിയോഗിയ്ക്കാവുന്നതാണെന്നും തീരുമാനിയ്ക്കപ്പെട്ടു.

2. പരാമർശ ഉത്തരവ് പ്രകാരം കോവിഡ് – 19 ന്റെ ആദ്യ വ്യാപന സമയത്ത് സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്തതായി കണ്ടെത്തിയ 14,78,236 BPL (PHH), അന്ത്യോദയ അന്നയോജന കുടുംബങ്ങൾക്ക്, ഒരു കുടുംബത്തിന് 1000/– രൂപ നിരക്കിൽ ആകെ 147,82,36,000 രൂപ (നൂറ്റിനാല്പത്തേഴ് കോടി എൺപത്തി രണ്ട് ലക്ഷത്തി മുപ്പത്താറായിരം രൂപ) " 2075–00–800–40–മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന (നോൺ – പ്ലാൻ) " എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച

3. മേൽ ഖണ്ഡിക ഒന്നിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പരാമർശ ഉത്തരവിന്റെ അടിസ്ഥാനത്തിലും 14,78,236 കുടുംബങ്ങൾക്ക്, ഒരു കുടുംബത്തിന് ആയിരം രൂപ നിരക്കിൽ ആകെ 147,82,36,000/– രൂപ ( നൂറ്റിനാല്പത്തേഴ് കോടി എൺപത്തി രണ്ട് ലക്ഷത്തി മുപ്പത്താറായിരം രൂപ) " 2075–00–800–40– മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന (നോൺ – പ്ലാൻ) " എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP80 അക്കൗണ്ടിൽ നിന്നും 14 ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരുടെ സ്പെഷ്യൽ TSB അക്കൗണ്ടിലേക്ക് ട്രാൻഫർ ക്രഡിറ്റ് ചെയ്തു നൽകുന്നതിനും ഉത്തരവാകുന്നു. ഈ തുക പിന്നീട് ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും റീക്ലപ്പ് ചെയ്യുന്നതായിരിക്കും.

4. പരാമർശ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രസ്തുത തുക പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ബന്ധപ്പെട്ട ഗുണഭോക്താവിന്റെ വീട്ടിൽ ചെന്ന് വിതരണം നടത്തേണ്ടതും , ഗുണഭോക്താവിൽ നിന്നും സത്യപ്രസ്താവന പൂർണ്ണമായി പൂരിപ്പിച്ച് ഒപ്പിട്ട് വാങ്ങേണ്ടതും ആയത് സഹകരണ സംഘം രജിസ്ട്രാർ ക്രോഡീകരിച്ച് സർക്കാരിനു ലഭ്യമാക്കേണ്ടതുമാണ്. ഇതിന് ആവശ്യമായ ക്രമീകരണങ്ങൾ സഹകരണ സംഘം രജിസ്ട്രാർ നടത്തേണ്ടതാണ്.

5. സാമ്പത്തിക സഹായം സ്വീകരിക്കുന്നവരുടെ അർഹത സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗം (നോൺ ടെക്നിക്കൽ) ആകസ്മിക (Random) പരിശോധന നടത്തുന്നതായിരിക്കും

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിംഗ് ഐ . എ . എസ്**

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

1. ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. ബഹു: ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
5. സഹകരണ സംഘം രജിസ്ട്രാർ, ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ, തൈക്കാട്, തിരുവനന്തപുരം
6. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
7. സെക്രട്ടറി, സഹകരണ വകുപ്പ്
8. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരവനന്തപുരം
9. ട്രഷറി ഡയറക്ടർ, തിരവനന്തപുരം
10. ധനകാര്യ (ഫണ്ട്സ്) വകുപ്പ്
11. ധനകാര്യ (വെയ്സ് & മീൻസ് ) വകുപ്പ്
12. ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്
13. സഹകരണ വകുപ്പ്
14. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ "

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കോവിഡ്-19 രണ്ടാം വ്യാപനം - സാമൂഹ്യ സുരക്ഷാ/ ക്ഷേമ പെൻഷനുകൾ ലഭിക്കാത്ത ഓരോ BPL (PHH), AAY കുടുംബത്തിനും സാമ്പത്തിക സഹായം അനുവദിച്ച ഉത്തരവ് - അച്ചടി പിശക് തിരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (അഗ്രികൾച്ചർ - സി) വകുപ്പ്**

**സ.ഉ (സാധാ) നം.5921/2021/ധന** **തീയതി, തിരുവനന്തപുരം, 09/09/2021**

---

പരാമർശം: സ.ഉ. (സാധാ) നം. 4650/2021/ധന തീയതി 24/06/2021

**ഉത്തരവ്**

പരാമർശ ഉത്തരവിലെ ഖണ്ഡിക ഒന്നിലെ സാമ്പത്തിക വർഷം '2020-21' എന്നതിന് പകരം '2021-22' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രാജേഷ് കുമാർ സിംഗ് ഐ . എ . എസ്**
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

1. ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. ബഹു: ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
5. സഹകരണ സംഘം രജിസ്ട്രാർ, ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ, തൈക്കാട്, തിരുവനന്തപുരം
6. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
7. സെക്രട്ടറി, സഹകരണ വകുപ്പ്
8. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
9. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
10. ധനകാര്യ (ഫണ്ട്സ്) വകുപ്പ്
11. ധനകാര്യ (വെയ്സ് & മീൻസ് ) വകുപ്പ്
12. ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്
13. സഹകരണ വകുപ്പ്
14. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 06-10-2021

ഫയൽ നം. അഗ്രി-സി2/19/2020-ധന (e-1487807). ഇനം നം: 290

വിഷയം : ധനകാര്യ വകുപ്പ് - കോവിഡ്-19 രണ്ടാം വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH) അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി ആയിരം രൂപ വീതം നൽകുന്നതിനായി കണ്ടെത്തിയ 14,78,236 കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് പിന്നീട് റീകൂപ്പ് ചെയ്യാമെന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സ.ഉ.(സാധാ) നം.4650/2021/ധന. തീയതി 24.06.2021, സ.ഉ.(സാധാ) നം.5921/2021/ധന. തീയതി 09.09.2021 (erratum G.O.) എന്നീ ഉത്തരവുകൾ പ്രകാരം 147,82,36,000 രൂപ (നൂറ്റിനാല്പത്തേഴ് കോടി എൺപത്തി രണ്ട് ലക്ഷത്തി മുപ്പത്താറായിരം രൂപ) അനുവദിച്ച നടപടി സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | അഗ്രി സി2/19/2020-ധന (e:1487807) |
| 2 | വകുപ്പ് | ധനകാര്യ (അഗ്രി-സി) വകുപ്പ് |
| 3 | വിഷയം | കോവിഡ് 19 രണ്ടാം വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH) അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി ആയിരം രൂപ വീതം നൽകുന്നതിനായി കണ്ടെത്തിയ 14,78,236 കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന്, പിന്നീട് റീക്കൂപ്പ് ചെയ്യാമെന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സ.ഉ(സാധാ)നം.4650/2021/ധന തീയതി 24.06.2021, സ.ഉ(സാധാ)നം.5921/2021/ധന തീയതി 09.09.2021 (erratum G.O) എന്നീ ഉത്തരവുകൾ പ്രകാരം 147,82,36,000 രൂപ (നൂറ്റി നാല്പത്തേഴ് കോടി എൺപത്തി രണ്ട് ലക്ഷത്തി മുപ്പത്താറായിരം രൂപ) അനുവദിച്ച നടപടി സാധൂകരിക്കുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 13.09.2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം | - |

| | | |
|---|---|---|
| | മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ; | |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.എം.ഗീത |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് കുമാർ സിംഗ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24/09/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ:വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27/09/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.എൻ ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 29/09/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 30/09/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോവിഡ് -19 രണ്ടാം വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി ആയിരം രൂപ വീതം നൽകുന്നതിനായി സ.ഉ (സാധാ) നം : 4650/2021/ധന തീയതി 24.06.2021, സ.ഉ (സാധാ) നം: 5921/2021/ധന തീയതി 09.09.2021 (erratum G.O) പ്രകാരം (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു) സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്

2) മേൽ പ്രകാരം തുക അനുവദിക്കുന്നതിന്, 2021-22 സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പിന്നീട് റീക്കുപ്പ് ചെയ്യേണ്ടതാണെന്ന വ്യവസ്ഥയിൽ ആയതിന് ആവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിനിയോഗിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. തുടർന്ന്, സാമ്പത്തിക സഹായം ലഭിക്കേണ്ട 14,78,236 കുടുംബങ്ങൾക്ക് നൽകുന്നതിനായി 147,82,36,000 രൂപ (നൂറ്റിനാല്പത്തേഴ് കോടി എൺപത്തി രണ്ട് ലക്ഷത്തി മുപ്പത്താറായിരം രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പതിനാല് ജില്ലയിലെ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരുടെ സ്പെഷ്യൽ TSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു നൽകുന്നതിന് 24.06.2021 തീയതിയിലെ സ.ഉ (സാധാ) നം : 4650/2021/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ടി ഉത്തരവിൽ പരാമർശിച്ചിരുന്ന സാമ്പത്തിക വർഷത്തിൽ അച്ചടിപ്പിശക് കണ്ടെത്തിയതിനെത്തുടർന്ന് ആയത് തിരുത്തി സ.ഉ (സാധാ) നം: 5921/2021/ധന തീയതി 09.09.2021 ഉത്തരവും (erratum G.O) പുറപ്പെടുവിച്ചു.

3) ധനസഹായമനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച ശേഷം മന്ത്രിസഭയുടെ സാധൂകരണത്തിന് സമർപ്പിക്കുവാൻ ബഹു: മുഖ്യ മന്ത്രി ഉത്തരവിട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ, മന്ത്രിസഭ മുമ്പാകെ സാധൂകരണത്തിന് സമർപ്പിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ചുമതലയുള്ള റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പിലേക്ക് ഫയൽ അയച്ചപ്പോൾ താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

"മേൽ വിഷയത്തിൽ, ധനകാര്യ വകുപ്പിന്റെ ഫയലിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ Note #137 & Note #189 എന്നീ ഉത്തരവുകൾ പ്രകാരം റവന്യൂ DRF വകുപ്പിൽ നിന്നും

നടപടികൾ ഒന്നും നിർദ്ദേശിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 24/6/2021-ലെ 4650/2021/ധന നമ്പർ ഉത്തരവ് മന്ത്രിസഭ മുമ്പാകെ സാധൂകരണത്തിനായി സമർപ്പിക്കേണ്ടത് ടി ഉത്തരവ് പുറപ്പെടുവിച്ച ധനകാര്യ വകുപ്പാണ്. ഈകാര്യം ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ധനകാര്യ വകുപ്പ് ഫയലിൽ Note #262 ഉത്തരവായിട്ടുള്ളതാണ്. മേൽ വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തികൊണ്ട് ധനകാര്യ വകുപ്പിന്റെ ഫയൽ മടക്കി നൽകുന്നു."

4) ഈ വിഷയത്തിൽ തീരുമാനത്തിനായി ഫയൽ ബഹു: മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ, സാധൂകരണത്തിനായി മന്ത്രി സഭായോഗത്തിൽ സമർപ്പിക്കുവാൻ ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കോവിഡ് -19 രണ്ടാം വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷനോ വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ഓരോ BPL(PHH), അന്ത്യോദയ അന്നയോജന കുടുംബത്തിനും സാമ്പത്തിക കൈത്താങ്ങായി ആയിരം രൂപ വീതം നൽകുന്നതിനായി കണ്ടെത്തിയ 14,78,236 കുടുംബങ്ങൾക്ക് തുക വിതരണം ചെയ്യുന്നതിന്, പിന്നീട് റീക്കൂപ്പ് ചെയ്യാമെന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സ.ഉ (സാധാ) നം : 4650/2021/ധന തീയതി 24.06.2021, സ.ഉ (സാധാ) നം: 5921/2021/ധന തീയതി 09.09.2021 (erratum G.O) എന്നീ ഉത്തരവുകൾ പ്രകാരം 147,82,36,000 രൂപ (നൂറ്റിനാല്പത്തേഴ് കോടി എൺപത്തി രണ്ട് ലക്ഷത്തി മുപ്പത്താറായിരം രൂപ) അനുവദിച്ച നടപടി സാധൂകരിക്കാവുന്നതാണോ?